അനന്തപുരം പമ്പ് ഹൗസിന്റെ അറ്റുകുറ്റപ്പണികൾ

68 (4676) ശ്രീ. ടി. കെ. ദേവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിപ്പാട് മണ്ഡലത്തിലെ അനന്തപുരം വാട്ടർ ടാങ്കിന്റെ പമ്പ് ഹൗസ് ജീർണ്ണാവസ്ഥയിലായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആയതിന്റെ അറ്റുകുറ്റപ്പണികൾ നടത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഇതുസംബന്ധിച്ച് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) മേൽപ്പറഞ്ഞ പമ്പ് ഹൗസിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി കരാർ നൽകി കഴിഞ്ഞു. ഈ പ്രവർത്തി വരുന്ന സെപ്തംബർ 15-ാം തീയതിയോടു കൂടി പൂർത്തീകരിക്കാമെന്ന് പ്രതീക്ഷിക്കുന്നു.

കേരള വാട്ടർ അതോറിറ്റിയിലെ ദിവസവേതന ജീവനക്കാർ

69 (4677) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റിയിൽ ദിവസവേതനക്കൂലിയിനത്തിൽ എത്ര ജീവനക്കാർ പ്രവർത്തിക്കുന്നുണ്ടെന്ന് പമ്പ്, ഹൗസ്, മറ്റു മേഖല എന്നീ ക്രമത്തിൽ ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) കമ്പ്യൂട്ടർവൽക്കരണവുമായി ബന്ധപ്പെട്ട് എൻ. ഐ. സി. യുടെ എത്ര ജീവനക്കാർ കേരള വാട്ടർ അതോറിറ്റിയിൽ പ്രവർത്തിക്കുന്നു ;

(സി) ശമ്പളവും മറ്റ് ആനുകൂല്യങ്ങൾക്കുമായി ഈ ഇനത്തിൽ എത്ര തുക ചെലവായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിയിൽ ദിവസ വേതന കൂലിയിനത്തിൽ വിവിധ പമ്പ് ഹൗസുകളിൽ 713 പേരും മറ്റ് മേഖലകളിൽ 119 പേരും പ്രവർത്തിക്കുന്നു.

(ബി) 6 ജീവനക്കാർ

(സി) ശമ്പളവും മറ്റ് ആനുകൂല്യങ്ങൾക്കുമായി ഈ ഇനത്തിൽ 66,868 രൂപ ചെലവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly